**റൂളിംഗ്**

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ് അംഗങ്ങൾക്ക് ലഭ്യമാക്കൽ

മി. സ്പീക്കർ: നിയമസഭാ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് വളരെ സൂക്ഷ്മതയോടുകൂടിയാണ് ശ്രീ. എം. ഉമ്മർ പലപ്പോഴും ഈ സഭയിൽ ക്രമപ്രശ്നമെന്നുള്ള നിലയിൽ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടിരിക്കുന്നത്. അത് അദ്ദേഹം കാണിക്കുന്ന ഔചിത്യത്തെയും ഉത്സാഹത്തെയും ചെയർ ആദ്യമായി അഭിനന്ദിക്കുകയാണ്. ചട്ടം 303 പ്രകാരം ഇവിടെ ഉന്നയിച്ച ഈ വിഷയം യഥാർത്ഥത്തിൽ ഈ സഭയിൽത്തന്നെ രണ്ടാം സമ്മേളനത്തിൽ 25-10-2016-ന് ഉന്നയിക്കപ്പെട്ടതും വ്യക്തമായ റൂളിംഗ് നൽകിയതുമാണ്. അതിന്റെ ഗുണഫലം യഥാർത്ഥത്തിൽ കണ്ടുതുടങ്ങിയിട്ടുമുണ്ട്. 2018-19 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് വിവിധ സബ്ജക്ട് കമ്മിറ്റികൾക്ക് സർക്കാർ വകുപ്പുകൾ നൽകിയ രേഖകൾ പൂർണ്ണമല്ലെന്നും അതിൽത്തന്നെ പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച് അംഗങ്ങൾക്കായി ലഭ്യമാക്കിയ കുറിപ്പുകൾ സബ്ജക്ട് കമ്മിറ്റികളുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 7(iii)-പറഞ്ഞിരിക്കുന്ന പ്രകാരമായിരുന്നില്ലെന്നുമുള്ളതാണ് പ്രധാനപ്പെട്ട

ആക്ഷേപം. അതുസംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ വിശദീകരണം നൽകിക്കഴിഞ്ഞു. ബോധപൂർവ്വമായിരുന്നില്ലെന്നും തെറ്റുകൾ തിരുത്താൻ തയ്യാറാണെന്നും മന്ത്രിമാർ ഇവിടെ അറിയിച്ചിരിക്കുകയാണ്.

സഭാതലത്തിൽ അംഗങ്ങൾ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് അതിന്മേൽ വ്യക്തമായ റൂളിംഗ് നൽകിക്കഴിഞ്ഞതിനുശേഷവും വീണ്ടും അതേ വീഴ്ചകൾ ആവർത്തിക്കുന്നത് യഥാർത്ഥത്തിൽ ആശാസ്യമല്ല. ഇതെന്തുകൊണ്ടാണ് സംഭവിക്കുന്നതെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാനും ആവർത്തിക്കാതിരിക്കാനും വേണ്ട നടപടി സ്വീകരിക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു.